# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 76 — 10.02.2016-ൽ മറുപടിക്ക്

### കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ് : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. വിവിധ വകുപ്പുകളുടെ കീഴിൽ ആരംഭിച്ച കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ. ജലനിധി രണ്ടാംഘട്ടത്തിൽ പൂർത്തീകരിച്ചതും 2015 ജൂലൈ മാസത്തിൽ പദ്ധതി പൂർത്തീകരണത്തിനു ശേഷം ആറു മാസം തുടർ പരിപാലനം നടത്തിവരുന്നതുമായ 300 പദ്ധതികളുടെ നിലവിലെ പ്രവർത്തന രീതികൾ മനസ്സിലാക്കുന്നതിന് സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവിറോൺമെന്റൽ സ്റ്റഡീസ് (സി.എസ്.ഇ.എസ്) ആന്റ് ഇന്റർ കോ-ഓപ്പറേഷൻ സോഷ്യൽ ഡെവലപ്മെന്റ് ഇന്ത്യ (ഐ.സി.എസ്.ഡി) എന്ന കൺസൾട്ടൻസി സ്ഥാപനത്തിനെ (സംയുക്ത സംരംഭം), കെ.ആർ.ഡബ്ല്യു.എസ്.എ ചുമതലപ്പെടുത്തിയിരുന്നു. അവർ 2015 ജൂലൈ -സെപ്തംബർ കാലയളവിൽ പ്രസ്തുത പഠനം നടത്തുകയും ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായ രീതിയിൽ പ്രത്യേക പഠനം ഒന്നും നടത്തിയിട്ടില്ല. |

| | |
|---|---|
| ബി. പ്രസ്തുത കുടിവെള്ള പദ്ധതികളിൽ ഏതെങ്കിലും പ്രവർത്തനരഹിതമായ അവസ്ഥ നേരിടുന്നുണ്ടോ; ആയതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി. ജലനിധി പഠനം നടത്തിയ 300 പദ്ധതികളിൽ 15 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടിരുന്നു. ഇതിൽ 5 പദ്ധതികൾ സ്രോതസ്സിലെ പ്രശ്നങ്ങൾ കാരണവും, 7 പദ്ധതികൾ വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ കാരണവും, 3 പദ്ധതികൾ ഗുണനിലവാര പ്രശ്നങ്ങൾ കാരണവുമാണ് ശരിയായ രീതീയിൽ പ്രവർത്തിക്കാത്തത്.<br>വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതികളിൽ ചിലത് പി.ഡബ്ല്യു.ഡി, നാഷണൽ ഹൈവേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റെയിൽവേ എന്നീ വകുപ്പുകളിൽ നിന്നും റോഡ് കട്ടിംഗ്/ക്രോസ്സിംഗ്, റെയിൽവേ ക്രോസ്സിംഗ്, എന്നിവയ്ക്ക് അനുമതി ലഭിക്കാത്തതു മൂലം പദ്ധതികളുടെ പൈപ്പ് ലൈൻ പണികൾ തടസ്സപ്പെടാറുണ്ട്. കൂടാതെ ചില പദ്ധതികൾക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റി തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം വാട്ടർ ട്രീറ്റ് മെന്റ് പ്ലാന്റ്, വാട്ടർ ടാങ്ക് തുടങ്ങിയവ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കാത്തതിനാൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാറില്ല.<br>പൈപ്പ് ഇടുന്നതിന് ആവശ്യമായ പി.ഡബ്ല്യു.ഡി, നാഷണൽ ഹൈവേ, റെയിൽവേ എന്നീ വകുപ്പുകളുടെ അംഗീകാരം സംബന്ധിക്കുന്ന തടസ്സങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി ആലോചിച്ച് തീർപ്പാക്കുന്നു. പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭിക്കാത്തതിനാൽ മുടങ്ങി ക്കിടക്കുന്ന പദ്ധതികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടി ആലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി എടുത്തുവരുന്നു. |

സി. ഇപ്രകാരം പ്രവർത്തനരഹിതമായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സി. ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിക്കാത്ത ജലനിധിയുടെ 15 പദ്ധതികളും പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജലനിധി നിർദ്ദേശം നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി, പ്രവർത്തന രഹിതമായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം പുനരാരംഭി ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനായി വിവിധ തലങ്ങളിൽ വിവിധ വകുപ്പുകളുമായി നടത്തി വരുന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. ഇതുമൂലം പദ്ധതികളുടെ പണികൾ ത്വരിതഗതിയിൽ ആകുവാനും പദ്ധതികളുടെ പൂർത്തീകരണത്തോടെ കൂടുതൽ ജനങ്ങളിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുവാനും സാധിക്കുന്നുണ്ട്.

ഇതിനു പുറമേ പദ്ധതികളുടെ വിവിധ ഘടകങ്ങളുടെ പണികളുടെ പുരോഗതി PASK (Project Status Alert System of Kerala) സംവിധാനത്തിലൂടെ വില യിരുത്തി വേണ്ട നിർദ്ദേശങ്ങൾ കീഴ് തലങ്ങളിൽ നൽകിയും വേണ്ട നടപടികൾ എടുത്തും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു പോരുന്നു.

സംസ്ഥാനത്ത് വാട്ടർ അതോറിറ്റി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും, നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി ജനപ്രതിനിധികളുടേയും മേൽ ഉദ്യോഗസ്ഥൻമാരുടേയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ

സ്വീകരിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ വീഡിയോ കോൺഫറൻസിംഗ് മുഖേന മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നുണ്ട്.

മുൻകാലങ്ങളിൽ പദ്ധതികളുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള കാലതാമസം പുതിയ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ത്വരിതഗതിയിൽ ആക്കുവാനും സാധിച്ചിട്ടുണ്ട്. ഇതെല്ലാം പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി കിട്ടുന്നുണ്ട്.

സെക്ഷൻ ഓഫീസർ